# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി9)1599/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 24/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി9)1599/2021 തീയ്യതി: 24/05/2022

## തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-10-2020 മുതൽ 20-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 57 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു. എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബേബി പി.വി., ഓഡിറ്റ് ഓഫീസർ
മീര റ്റി., ഓഡിറ്റ് ഓഫീസർ
ഷൈനി കൃഷ്ണദാസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജോമോൻ ഇ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അനീറ്റ ഡോമിനിക്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എ.പി ബെന്നി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| വിജിത കെ.വി., അസി. എൻജിനീയർ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനർ | പ്രസിഡന്റ് | 12-11-2020 | 30-12-2020 |
| ശ്രീദേവി ജയരാജൻ | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| കെ. എ. ഉല്ലാസ്കുമാർ | സെക്രട്ടറി | 01-04-2020 | 15-06-2020 |
| വേണുഗോപാൽ | സെക്രട്ടറി | 16-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പരമേശ്വരൻ ഉണ്ണി എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 16-06-2020 |
| പ്രസന്ന പി. വി. | അസിസ്റ്റന്റ് സെക്രട്ടറി | 17-06-2020 | 31-03-2021 |
| റിസമോൾ സൈമൺ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| വിജിത കെ. വി. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ഡോ.കെ.ടി. സുജ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2020 | 05-03-2021 |
| ഡോ.സജീദ ബീഗം | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 06-03-2021 | 31-03-2021 |
| ഡോ. നീലകണ്ഠൻ എ. എസ്. | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 05-02-2021 |
| ഡോ. ദിവ്യശ്രീ എ. എസ്. | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)-ഇൻ ചാർജ്ജ് | 06-02-2021 | 08-03-2021 |
| ഡോ. രശ്മി എം. | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 09-03-2021 | 31-03-2021 |
| ഡോ. ജ്യോത്സ്ന സദാനന്ദൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.ടി. ജി.വിനോദ്കുമാർ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ജാൻസി സി.ടി. | ഹെഡ്മിസ്ട്രസ്(ജി.യു.പി.എസ്.) | 01-04-2020 | 31-03-2021 |
| മൻസൂർ മൻസിൽ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഷിബു കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 14-01-2021 |
| ബീന എം.കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-01-2021 | 31-03-2021 |
| പ്രകാശൻ.ടി | വി.ഇ.ഒ (മുല്ലശ്ശേരി സർക്കിൾ) | 01-04-2020 | 31-03-2021 |
| ലിൻഷ | വി.ഇ.ഒ (പറമ്പന്തളി സർക്കിൾ) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.V.Baby (Audit Officer, On 29-10-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Anita Dominic (Auditor, On 29-10-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Anita Dominic (Auditor, On 29-10-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 29-10-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.V.Baby (Audit Officer, On 29-10-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jomon E K (Asst. Audit Officer, On 30-10-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Jomon E K (Asst. Audit Officer, On 30-10-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Anita Dominic (Auditor, On 29-10-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: P.V.Baby (Audit Officer, On 30-10-2021)<br>Last Updated By: P.V.Baby (Audit Officer, On 23-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.V.Baby (Audit Officer, On 30-10-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ, ഗ്രാന്റ് എന്നിവ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Anita Dominic (Auditor, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-1 |
| 12 | വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-2 |
| 13 | വസ്തുനികുതി - റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-3 |
| 14 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-4 |
| 15 | വസ്തുനികുതി - നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-11-5 |

| | | |
|---|---|---|
| | Written By: Shyni Krishnadas. E. (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | |
| 16 | ലൈബ്രറി സെസ്സ് - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 20-04-2022) | 1-11-6 |
| 17 | വസ്തുനികുതി മുൻകൂർ - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-7 |
| 18 | വസ്തുനികതി - കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-8 |
| 19 | വസ്തു നികുതി - അഡ്വാൻസ് ലഡ്ജറുകൾ ഹാജരാക്കിയില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-9 |
| 20 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-10 |
| 21 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ - ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-11 |
| 22 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ<br>Written By: P.V.Baby (Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-12 |
| 23 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു<br>Written By: P.V.Baby (Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-13 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-14 |
| 25 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-15 |
| 26 | ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-16 |
| 27 | തൊഴിൽ നികുതി (ജീവനക്കാർ) - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-17 |
| 28 | ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനം കണക്കാക്കി<br>Written By: Anita Dominic (Auditor, On 11-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-18 |
| 29 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നമില്ല<br>Written By: Anita Dominic (Auditor, On 11-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-19 |
| 30 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - ലഡ്ജർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-20 |

| | | |
|---|---|---|
| 31 | വരവുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-21 |
| 32 | മുൻകൂർ തുക ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി ലഭ്യമാക്കിയില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-22 |
| 33 | അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-23 |
| 34 | Rent Deposit, Deposit Register എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-24 |
| 35 | Auction Deposit വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-25 |
| 36 | ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-26 |
| 37 | ലോൺ രജിസ്റ്ററിലെ നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 12-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-27 |
| 38 | അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട തുകകൾ അതത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 15-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-11-28 |
| 39 | രസീത് പരിപാലനത്തിലെ അപാകതകൾ<br>Written By: Anita Dominic (Auditor, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-12 |
| 40 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Anita Dominic (Auditor, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-13 |
| 41 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Anita Dominic (Auditor, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-13-1 |
| 42 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-13-2 |
| 43 | തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല<br>Written By: Anita Dominic (Auditor, On 11-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-13-3 |
| 44 | വ്യാപാരസ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 23-05-2022) | 1-13-4 |
| 45 | കരാറുകാരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല<br>Written By: Anita Dominic (Auditor, On 12-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-13-5 |
| 46 | വ്യാപാര ലൈസൻസ് എടുത്തപ്പോൾ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 12-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-14-1 |
| 47 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Anita Dominic (Auditor, On 12-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-14-2 |

| | | |
|---|---|---|
| 48 | ഫാം ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ പശുക്കളെ വളർത്തുന്നു<br>Written By: Anita Dominic (Auditor, On 12-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-15 |
| 49 | വാടക - അപാകതകൾ<br>Written By: Anita Dominic (Auditor, On 12-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-16 |
| 50 | വാടക കെട്ടിടങ്ങളുടെ ബൈലോ പുതുക്കേണ്ടതാണ്<br>Written By: Anita Dominic (Auditor, On 12-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-16-1 |
| 51 | ലേലം - അപാകതകൾ<br>Written By: Anita Dominic (Auditor, On 12-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-17 |
| 52 | വിമുക്തഭടന്മാരുടെ വസ്തുനികുതിയിളവ് രജിസ്റ്ററും സഞ്ചയയും പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 12-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-18 |
| 53 | പൊതുമരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ<br>Written By: P.V.Baby (Audit Officer, On 30-10-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-19 |
| 54 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: P.V.Baby (Audit Officer, On 01-11-2021)<br>Last Updated By: P.V.Baby (Audit Officer, On 13-05-2022) | 1-20 |
| 55 | അയ്യപ്പകുടം കുടിവെള്ള പദ്ധതി കിണർ നിർമ്മാണം - പൂർത്തീകരണ/ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: P.V.Baby (Audit Officer, On 02-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-21 |
| 56 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ - മരുന്ന് മുഴുവനായി ലഭ്യമായിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 07-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-22 |
| 57 | പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 07-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-23 |
| 58 | തുക കൈമാറി ഒരു വർഷമായിട്ടും, കെൽട്രോണിൽ നിന്ന് ലാപ്ടോപ്പുകൾ ലഭ്യമായിട്ടില്ല<br>Written By: Meera T (Audit Officer, On 05-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-24 |
| 59 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷൻ ഇല്ലാതെ തുക നൽകി<br>Written By: Meera T (Audit Officer, On 07-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-25 |
| 60 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - കെൽട്രോണിന് അധിക തുക നൽകി<br>Written By: Meera T (Audit Officer, On 05-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-26 |
| 61 | ആശ്രയ ഫണ്ട് - വികസന ഫണ്ടിൽ നിന്നും പിൻ വലിച്ച തുക ചെലവഴിച്ചിട്ടില്ല<br>Written By: Meera T (Audit Officer, On 07-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-27 |
| 62 | വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 06-11-2021) | 1-28 |

| | | |
|---|---|---|
| | Last Updated By: P.V.Baby (Audit Officer, On 13-05-2022) | |
| 63 | വർക്ക് ബില്ലിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 07-11-2021)<br>Last Updated By: P.V.Baby (Audit Officer, On 13-05-2022) | 1-29 |
| 64 | മത്സ്യ മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ് അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 08-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-30 |
| 65 | കാലാവധി പൂർത്തിയായ വാഹനം കയ്യൊഴിക്കണം<br>Written By: Jomon E K (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 13-05-2022) | 1-31 |
| 66 | ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല<br>Written By: Jomon E K (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-32 |
| 67 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Jomon E K (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-33 |
| 68 | ജല സുരക്ഷ - കിണർ റീചാർജ്ജ് - തൊഴിലുറപ്പ് പദ്ധതിയിൽ കൂട്ടതലായി ഉൾപ്പെടുത്തണം<br>Written By: Jomon E K (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-34 |
| 69 | കന്നുകുട്ടി പരിപാലനപരിപാടി - ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം തിരികെ ഈടാക്കേണ്ടതാണ്<br>Written By: Jomon E K (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 13-05-2022) | 1-35 |
| 70 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-36 |
| 71 | ലോഗ് ബുക്ക് പരിപാലനം - അപാകതകൾ<br>Written By: Jomon E K (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-37 |
| 72 | അംഗൻവാടികളുടെ പ്രവർത്തനം - അവലോകനം<br>Written By: Jomon E K (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-38 |
| 73 | ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണം<br>Written By: Jomon E K (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-39 |
| 74 | കമ്പ്യൂട്ടറും മറ്റനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം<br>Written By: Jomon E K (Asst. Audit Officer, On 10-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-40 |
| 75 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം നിർമ്മാണം മാർഗ്ഗരേഖ പ്രകാരമല്ല<br>Written By: Jomon E K (Asst. Audit Officer, On 12-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 1-41 |
| | ഭാഗം **2** | |
| 1 | തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല<br>Written By: P.V.Baby (Audit Officer, On 21-04-2022)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anita Dominic (Auditor, On 30-10-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anita Dominic (Auditor, On 30-10-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Anita Dominic (Auditor, On 30-10-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Anita Dominic (Auditor, On 30-10-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anita Dominic (Auditor, On 30-10-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Anita Dominic (Auditor, On 30-10-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Anita Dominic (Auditor, On 30-10-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.V.Baby (Audit Officer, On 12-11-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Anita Dominic (Auditor, On 30-10-2021)<br>Last Updated By: P.V.Baby (Audit Officer, On 21-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Anita Dominic (Auditor, On 30-10-2021)<br>Last Updated By: P.V.Baby (Audit Officer, On 24-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 24.03.2020 | 1 | 153395125 | 150507473 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 17.02.2021 | 1 | 149032500 | 148262651 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 20-07-2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,92,28,610 |
| വരവ് | 6,49,48,579 |
| ആകെ | 8,41,77,189 |
| ചെലവ് | 7,08,46,419 |
| നീക്കിയിരിപ്പ് | 1,33,30,770 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 12173196 | 12173196 | 10070296 | 2102900 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 8088785 | 8088785 | 7446739 | 642046 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 9626000 | 9626000 | 8073834 | 1552166 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3456681 | 3456681 | 3450544 | 6137 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) ബേസിക് ഗ്രാന്റ് | | 0 | 8999565 | 8999565 | 5701058 | 3298507 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) ടൈഡ് ഗ്രാന്റ് | | 0 | 4410000 | 4410000 | 1130107 | 3279893 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ. | കൂലി + മെറ്റീരിയൽ | 0 | 14505674 | 14505674 | 14505674 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഇ.ജി.എസ്. | ചെലവ് | | | | | |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 14687 | 1274224 | 1288911 | 1279547 | 9364 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടി.എസ്.സി. | 333353 | 2232125 | 2565478 | 459956 | 2105522 |
| | ഐ.സി.ഡി.എസ്. | 710136 | 627783 | 1337919 | 696908 | 641011 |

## 1-5 പദ്ധതി അവലോകനം

2020-2021 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 195 | 75436585 | 120 | 45840167 | 65 | 10 | 61.54% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 14687 | 12742241 | 1288911 | 1279547 | 9364 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് + മെറ്റീരിയൽ കോസ്റ്റ് | 0 | 14505674 | 14506074 | 14506074 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 7475400 | 3018 |
| വിധവാപെൻഷൻ | 15980200 | 5995 |
| വാർദ്ധക്യകാലപെൻഷൻ | 24340700 | 9825 |
| വികലാംഗപെൻഷൻ | 3760200 | 1500 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 2119100 | 812 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിഷോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-10-2021 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9630/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവ ഏറെകുറെ കൃത്യമായി പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ലോഗ് ബുക്ക് പരിപാലനത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്താത്തതിനാൽ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ പലരും TR.7A കാഷ്

ബുക്ക് പരിപാലിക്കുന്നില്ല. (ഉദാ. അസി. എഞ്ചിനിയർ)

2020-21 വാർഷിക കണക്കിലെ ലഡ്ജറുകൾ ലോക്കൽ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് ഉള്ളത്. LAN നെറ്റ്‌വർക്കിലുള്ള സെർവറിലാണ് ഇത് പ്രവർത്തിക്കുന്നത്. 22-10-2021 തീയതിയിൽ സെർവർ കമ്പ്യൂട്ടർ പ്രവർത്തനരഹിതമായി. ഓഡിറ്റ് കാലയളവിൽ കമ്പ്യൂട്ടർ സ്ഥാപനത്തിലേക്ക് (HP) കംപ്ലയിന്റ് ബുക്ക് ചെയ്തെങ്കിലും ഫലമുണ്ടായില്ല. സർവർ കേട് വന്നതിനാൽ ലഡ്ജറുകൾ ലഭ്യമായില്ല. ആയതിനാൽ വാർഷിക കണക്ക്, വരവുകൾ എന്നിവ പൂർണ്ണമായി പരിശോധിക്കുവാൻ സാധിച്ചില്ല.

പഞ്ചായത്തിൽ പ്രസിഡണ്ട്/ സെക്രട്ടറി എന്നിവരുടെ പേരിൽ 9.1.2017 തീയതിയിൽ മുല്ലശ്ശേരി സഹകരണ ബാങ്കിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയതിൽ യാതൊരു ക്രയവിക്രയങ്ങളും നാളിതുവരെ നടത്തിയിട്ടില്ല. തൻവർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ പലതും നടപ്പിലാക്കിയതായി കാണുന്നില്ല. ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം എഴുതുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ ശക്തമാക്കുവാൻ ബന്ധപ്പെട്ട ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.07.2021 മുതൽ 13.07.2021 | ജനവരി 2021 മുതൽ മാർച്ച് 2021 വരെ | ഇല്ല |
| അക്കൗണ്ടന്റ് ജനറൽ | 22.04.2014 | 2008-09 മുതൽ മാർച്ച് 2012-13 വരെ | 27.05.2014 |

## 1-11-1 അടിസ്ഥാന അനുപാതങ്ങൾ, ഗ്രാന്റ് എന്നിവ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

## 1-11-2 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ-തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1915930 | 1871680 | 30933 | 15718 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1915930 | 1869279 | * | 15729 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

* 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം എത്ര തുക അഡ്വാൻസ് ഇനത്തിൽ നിന്നും തൻവർഷത്തിലേക്ക് ക്രമീകരിച്ചു എന്നത് ലഭ്യമായിട്ടില്ല.

## 1-11-3 വസ്തുനികുതി - റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ – കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 52363 | 48868 | 7423 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 43878 | 44940 | 7436 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-11-4 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1274467 | 1266787 | 10856 | 2213 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1274467 | 1261398 | * | 2214 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

*350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം എത്ര തുക അഡ്വാൻസ് ഇനത്തിൽ നിന്നും തൻവർഷത്തിലേക്ക് ക്രമീകരിച്ചു എന്നത് ലഭ്യമായിട്ടില്ല.

## 1-11-5 വസ്തുനികുതി - നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 42767 | 33238 | 6940 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 22506 | 35827 | 6950 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-11-6 ലൈബ്രറി സെസ്സ് - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 97776 | 2775 | 100551 | 95378 | 2484 | 97862 | 1685 | | 797 | 385 | 1182 |
| | നോൺ-റെസിഡൻഷ്യൽ | 66245 | 2169 | 68414 | 63765 | 1669 | 65434 | 598 | | 112 | 357 | 469 |
| | ആകെ | | | 168965 | | | 163296 | 2283 | | 1651 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | | | 163296 | | | | | 1651 | | |
| | | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt. Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 163296 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്യേണ്ടുന്ന തുകയും ഇത് തന്നെയാകേണ്ടതാണ്. എന്നാൽ "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള ഡിമാന്റ് തുകയുടേയോ, ഡിമാന്റിൽ നിന്നും കുറവ് ചെയ്യുന്ന തുകയുടേയോ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 33945/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 1697/- ആണ്. എന്നാൽ ഈ ശീർഷകത്തിൽ 1651/- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-11-7 വസ്തുനികുതി മുൻകൂർ - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 282491 | 277841 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 31212 | 32216 |

## 1-11-8 വസ്തുനികുതി - കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ 146 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് എത്ര തവണ രേഖപ്പെടുത്തിയിരിക്കുന്നു എന്നത് പരിശോധിക്കുക സാധ്യമല്ല. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-9 വസ്തു നികുതി - അഡ്വാൻസ് ലഡ്ജറുകൾ ഹാജരാക്കിയില്ല

350410101-Advance Collection Of Revenues -Property Tax On Residential Building, 350410101-Advance Collection Of Revenues -Property Tax On Non-Residential Building എന്നീ ഇനങ്ങളുടെ ലെഡ്ജറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക തന്നെയാണോ 2020-21 വർഷം ഈയിനത്തിൽ ക്രമീകരിച്ചത് എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ലാതെ "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട അഡ്വാൻസ് ലഡ്ജർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-11-10 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ഡി & ഒ ഡിമാന്റ് രജിസ്റ്റർ
4. വാടക ഡിമാന്റ് രജിസ്റ്റർ
5. ലൈബ്രറി രജിസ്റ്റർ
6. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
7. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
8. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-11-11 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ - ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നില്ല

2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കിയിട്ടില്ല. ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്തത് പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ലഡ്ജർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-12 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (8,566.00) |
| 280100102-Prior Period Income - Profession Tax - Institutions/ Professionals/ Traders | (11,010.00) |
| 280100104-Prior Period Income- Property Tax On Non Residential Buildings | (20,282.00) |
| 280100105-Prior Period Income- Service Cess On Residential Buildings | (162.00) |
| 280100106-Prior Period Income- Service Cess On Non-Residential Buildings | (224.00) |
| 280200101-Prior Period Income-Rent From Building | 2,888.00 |
| 280200401-Prior Period Income-Other Income | (48,908.00) |
| 280800701-Prior Period - Miscellaneous Expenses | 11,274.00 |

## 1-11-13 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

വാർഷിക കണക്ക് പ്രകാരമുള്ള ആസ്തിമൂല്യം 67262172.00 രൂപയാണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11-15 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5897840 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8966018 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-16 ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ))

## 1-11-17 തൊഴിൽ നികുതി (ജീവനക്കാർ) - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

തൊഴിൽ നികുതി (ജീവനക്കാർ) ഡി.സി.ബി രജിസ്റ്റർ പ്രകാരം വരവ് രേഖപ്പെടുത്തിയിരിക്കുന്നത് 1010220/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം വരവ് 978970/- രൂപയാണ്.

## 1-11-18 ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനം കണക്കാക്കി

1) 31/3/2021 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101-Other Fixed Assets എന്ന ആസ്തികൾക്ക് 172708 രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2021 ലെ Accumalated Depreciation 467786 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2021-22 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

2) ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

| ക്രമ.നം | ആസ്തി -ശീർഷകം | 31/3/2021 ലെ മൂല്യം |
|---|---|---|
| 1 | 410710199- Movable Asset Others | 910100 |

3) പഞ്ചായത്ത് വാഹനത്തിന് മൂല്യം കണക്കാക്കുകയോ തേയ്മാനം കണക്കാക്കുകയോ ചെയ്തിട്ടില്ല.

## 1-11-19 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നുമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം | 18725 | 450650109 | ട്രഷറി സ്പെ. ടി എസ് ബി | 298017 |

## 1-11-20 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - ലഡ്ജർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും 31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുത്തി പരിശോധിക്കുന്നതിനായി ആയതിന്റെ ലഡ്ജർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-11-21 വരവുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല

RP-31 Other Grants, Funds & Contributions For Specific Purposes – Capital ഇനത്തിൽ 544981 രൂപ വരവുണ്ട്. ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-11-22 മുൻകൂർ തുക ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി ലഭ്യമാക്കിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തി, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ.നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 115010 |
| 2 | ഡി & ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 97150 |

## 1-11-23 അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

Advance To Others - അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

| | അഡ്വാൻസ് രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 542679 | 185000 |
| വരവ് | - | - |
| ചെലവ് | 3690197 | 150000 |
| Recoup ചെയ്തത് | 1279488 | ഇല്ല |
| നീക്കിയിരിപ്പ് | 452994 | 335000 |

## 1-11-24 Rent Deposit, Deposit Register എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല

Rent Deposit, Deposit Register ൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്ക് പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2113722 |
| വരവ് | 343900 |
| ചെലവ് | 2966 |
| നീക്കിയിരിപ്പ് | 2239391 |

## 1-11-25 Auction Deposit വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

Auction Deposit – റസീപ്റ്റ് ആന്റ് പേയ്മെന്റ് RP 34 ഷെഡ്യൂൾ പ്രകാരം ചെലവ് കാണിച്ചിരിക്കുന്നത് 233350/- രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് 289650/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരവും, ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരവും നീക്കിയിരിപ്പ് 2548/- രൂപയാണ് കാണിച്ചിരിക്കുന്നത്.

## 1-11-26 ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5000 രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-11-27 ലോൺ രജിസ്റ്ററിലെ നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ലോൺ രജിസ്റ്റർ പരിശോധനയിൽ 2020-21 വർഷത്തിൽ Loan From KURDFC യുടെ

മുന്നിരിപ്പ് തുക – 38,24,172/-

റീപേയ്മെന്റ് തുക - 4,82,706/- (160902 X 3)

നീക്കിയിരിപ്പ് തുക - 33,41,466/-

എന്നാൽ വാർഷിക കണക്കിൽ ഷെഡ്യൂൾ ബി 5 പ്രകാരമുള്ള തുക 36,62,368/- ആണ്. നീക്കിയിരിപ്പ് തുകയിൽ 320902/- രൂപയുടെ (36,62,368 –33,41,466) വ്യത്യാസം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 57/30.10.21). റീപേയ്മെന്റ് വിഹിതത്തിന്റെ ഒന്നാം ഗഡു മാത്രമെ ജേണൽ എൻട്രി വഴി അക്കൗണ്ടിൽ കണക്ക് കാണിച്ചിട്ടുള്ളൂ. മറ്റ് രണ്ട് തവണകളിലെ റീ പേയ്മെന്റ് ജേണൽ എൻട്രി ചെയ്തിട്ടില്ല. കൂടാതെ ജേണൽ എൻട്രിയിൽ തെറ്റം സംഭവിച്ചിട്ടുണ്ട്. ലോക്കൽ സാംഖ്യ സർവർ കമ്പ്യൂട്ടർ ശരിയായതിന് ശേഷം ലഡ്ജർ നോക്കി പരിശോധിച്ച് കൃത്യമായ വിശദീകരണം നല്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്.

## 1-11-28 അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട തുകകൾ അതത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ഡെപ്പോസിറ്റിൽ നിന്നും ക്രമീകരിച്ചത് | ഇളവ് നൽകിയത് | ബാലൻസ് |
|---|---|---|---|---|---|
| വാടക DCB | 1251065 | 1101922 | 84940 | 60703 | 0 |
| വാർഷിക കണക്ക് | 1251065 | 1101418 | - | - | 0 |

ഡെപ്പോസിറ്റിൽ നിന്നും ക്രമീകരിക്കൽ, ഇളവ് നൽകൽ എന്നിവ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ ഇവ ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റിൽ നിന്നും തുക ക്രമീകരിച്ചത് പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ലഡ്ജറും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഡി സി ബി പത്രിക പ്രകാരം 3500 രൂപ ബാലൻസ് വരേണ്ടതാണ്. എന്നാൽ ബാലൻസ് '0' ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | ഡിമാന്റ് രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | ഡിമാന്റ് രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | ഡിമാന്റ് രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
| വാടക കുടിശ്ശിക | 136615 | 136042 | 55588 | 56438 | 0 | 0 |

ഡി സി ബി പത്രിക പ്രകാരം ഡെപ്പോസിറ്റിൽ നിന്നും 57627 രൂപ വരവിലേക്ക് ക്രമീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം ആകെ വരവ് 136615 രൂപയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 23400 രൂപ കുടിശ്ശിക വരേണ്ടതാണ്. എന്നാൽ ബാലൻസ് '0'ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-12 രസീത് പരിപാലനത്തിലെ അപാകതകൾ

1. രസീത് ബുക്കുകളിൽ രസീത് കൗണ്ട് സർട്ടിഫൈ ചെയ്തിട്ടില്ല. ഉദാ:- രസീത് ബുക്ക് നം. 1068 (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 83, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 2)

2. രസീതുകളിൽ തുക വെട്ടി തിരുത്തി എഴുതിയിട്ടുണ്ട്. ഉദാ:- രസീത് ബുക്ക് നം. 1066/51, 57207/67 ആയത് ചട്ട വിരുദ്ധമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 11)

3. രസീത് ബുക്കുകളുടെ ഉപയോഗശേഷം പേജുകൾ ക്യാൻസൽ ചെയ്തിട്ടില്ല. ഉദാ:- രസീത് ബുക്ക് നം. 1068, രസീത് നം. 71 മുതൽ

4. ഓഫീസ് കളക്ഷൻ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ രസീത് ബുക്ക് നം. 57201, 1073 എന്നിവ പരിശോധിക്കാൻ സാധിച്ചില്ല.

5. രസീത് ബുക്കിലെ ക്യാൻസൽ ചെയ്ത പേജുകൾ സെക്രട്ടറി, കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാ:-

57208/54, 1067/52

രസീത് പരിപാലനത്തിൽ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും കർശനമായും പാലിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/27.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. താഴെ പറയുന്ന അപാകതകളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13-1 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല

താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അന്നകര സർവ്വീസ് സഹകരണ സംഘം |
| 2 | മുല്ലശ്ശേരി സർവ്വീസ് സഹകരണ സംഘം |
| 3 | സ്കോട്ട് പൈപ്പ്സ് |
| 4 | ശ്രീദുർഗ്ഗ കുറീസ് & ലോൺസ്, പെരുവല്ലൂർ |
| 5 | ശ്രീഭദ്ര ഫൈനാൻസ്, പെരുവല്ലൂർ |
| 6 | കാത്തലിക് സിറിയൻ ബാങ്ക് |
| 7 | പാസിയോ ട്രേഡേഴ്സ്, മുല്ലശ്ശേരി |
| 8 | മാതാ വുഡ് ഇൻഡസ്ട്രീസ് |
| 9 | ഹരേ കൃഷ്ണ എൻജിനീയറിംഗ് വർക്ക്സ് |
| 10 | വൈദ്യരത്നം ആശുപത്രി, മുല്ലശ്ശേരി |

ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | എ.യു.പി.എസ്. പതിയാർകുളങ്ങര | ബ്രീജ കെ., UPSA | അപ്പോയിന്റ്മെന്റ് അംഗീകരിക്കുന്ന മുറയ്ക്ക് രണ്ട് അർദ്ധവർഷത്തെയും ഈടാക്കേണ്ടതാണ്. |
| | | 2019-20 വർഷത്തെ തൊഴിൽനികുതി രജിസ്റ്ററിൽ ഉള്ളതിനേക്കാൾ 4 അദ്ധ്യാപകരുടെ കുറവ്, 2020-21 വർഷത്തെ രജിസ്റ്ററിൽ ഉണ്ട്. പ്രസ്തുത അദ്ധ്യാപകർ 2020-21 വർഷത്തിൽ ഈ സ്ഥാപനത്തിൽ ഉണ്ടെങ്കിൽ അവരുടെ കൂടി തൊഴിൽനികുതി ഈടാക്കേണ്ടതാണ്. | |
| 2 | GWLP സ്കൂൾ, എലവത്തൂർ | എച്ച്. എം., പി.ടി.സി.എം. എന്നിവരുടെ മാത്രം തൊഴിൽനികുതി ഈടാക്കിയിട്ടുള്ളൂ. മറ്റ് അദ്ധ്യാപകർ ഈ സ്ഥാപനത്തിൽ ഉണ്ടെങ്കിൽ അവരുടെ കൂടി തൊഴിൽനികുതി ഈടാക്കേണ്ടതാണ്. | |

| | | | |
|---|---|---|---|
| 3 | GHS, മുല്ലശ്ശേരി | ബീന കെ.കെ., HST | രണ്ടാം അർദ്ധവർഷം ഈടാക്കിയിട്ടില്ല. |
| 4 | പോസ്റ്റ് ഓഫീസ്, പെരുവല്ലൂർ | നിഷ സി.എം., GDSMD | രണ്ടാം അർദ്ധവർഷം ഈടാക്കിയിട്ടില്ല. |
| 5 | പോസ്റ്റ് ഓഫീസ്, പതിയാർകുളങ്ങര | എല്ലാ ജീവനക്കാരുടെയും | ഒന്നും രണ്ടും അർദ്ധവർഷത്തെയും ഈടാക്കിയിട്ടില്ല. |
| 6 | ശ്രീഭദ്ര ഫൈനാൻസ് | എല്ലാ ജീവനക്കാരുടെയും | രണ്ട് അർദ്ധവർഷത്തിലും ഈടാക്കിയിട്ടില്ല. |
| 7 | O/oഅസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, മുല്ലശ്ശേരി | എൻ. കെ സരസ്വതി, ADA | രണ്ടാം അർദ്ധവർഷം ഈടാക്കിയിട്ടില്ല. |
| | | 2019-20 വർഷത്തിൽ 2 ജീവനക്കാർ കൂടി ഈ ഓഫീസിൽ ജോലി ചെയ്തിരുന്നു. 2020-21 വർഷത്തിൽ ടി ജീവനക്കാർ ഈ സ്ഥാപനത്തിൽ ഉണ്ടെങ്കിൽ അവരുടെ കൂടി തൊഴിൽനികുതി ഈടാക്കേണ്ടതാണ്. | |
| 8 | മാതാ വുഡ് ഇൻഡസ്ട്രീസ്, മുല്ലശ്ശേരി | എല്ലാ ജീവനക്കാരുടെയും | തൊഴിൽ നികുതി രണ്ട് അർദ്ധവർഷത്തിലും ഈടാക്കിയിട്ടില്ല. |
| 9 | മദർ ആർട്ട്സ് & സയൻസ് കോളേജ് | സരിത കെ.എസ്., അസി. പ്രഫസർ, കമ്പ്യൂട്ടർ സയൻസ് | രണ്ടാം അർദ്ധവർഷം ഈടാക്കിയിട്ടില്ല. |
| | മദർ ആർട്ട്സ് & സയൻസ് കോളേജ് | 2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഈ സ്ഥാപനത്തിൽ 62 പേർ ഉണ്ട്. എന്നാൽ 2020-21 വർഷത്തെ രജിസ്റ്ററിൽ 55 പേരുടെ വിവരം മാത്രമേയുള്ളൂ. ഈ സ്ഥാപനത്തിലെ തൊഴിൽ നികുതി അടവാക്കാത്തവരുടെ പേരുകൾ താഴെ ക്കൊടുക്കുന്നു. | |
| 10 | ” | വാസൻ, ലാബ് അസിസ്റ്റന്റ് | ഒന്നാം അർദ്ധവർഷം ഈടാക്കിയിട്ടില്ല. |
| | ” | ചിഞ്ചു പ്രേംകുമാർ, അസി. പ്രൊഫസർ | ” |
| | ” | റെറ്റിൻ റോസ്, അസി. പ്രൊഫസർ | ” |

| | | | |
|---|---|---|---|
| | ” | ഹരിത ടി.എം., അസി. പ്രൊഫസർ | ” |
| | ” | നിയ പോൾ ടി., അസി. പ്രൊഫസർ | ” |
| | ” | ശ്രുതി സുരേഷ്, അസി. പ്രൊഫസർ | ” |
| | ” | ജിസ്മ ടി.കെ., അസി. പ്രൊഫസർ | ” |
| | ” | ഷബ്ന എൻ.വി., അസി. പ്രൊഫസർ | ” |
| | ” | ജിഷ്മ ജോഷി ഇ, അസി. പ്രൊഫസർ | ” |
| | ” | മിനിമോൾ കെ.ജെ., അസി. പ്രൊഫസർ | ” |
| | ” | റോജി കെ.ആർ., അസി. പ്രൊഫസർ | ” |
| | ” | രാധിക ഇ.ആർ., അസി. പ്രൊഫസർ | ” |
| | ” | ഷിജിത എം.വി., അസി. പ്രൊഫസർ | ” |
| | ” | കിരൺ പി.എസ്., അസി. പ്രൊഫസർ | ” |
| | CHC, മുല്ലശ്ശേരി | 2020-21 വർഷത്തെ രജിസ്റ്ററിൽ ഈ സ്ഥാപനത്തിലെ ക്രമ നം. 11 മുതൽ 52 വരെയുള്ളവർ തൊഴിൽ നികുതി രണ്ടാം അർദ്ധവർഷത്തിൽ ഈടാക്കിയിട്ടില്ല. | |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13-3 തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല

താഴെക്കൊടുത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല. കുറവായി ഈടാക്കിയ തൊഴിൽ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243- ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്.

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടി-യിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | ദീപു കെ.എൻ., | ഗുരുവായൂർ ദേവസ്വം | ഒന്നാം അർദ്ധവർഷം | 126100 | 1250 | 1000 | 250 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ശാന്തി | ഓഫീസ് | | | | | |
| 2 | സുനീഷ് പി., LDC | ഗുരുവായൂർ ദേവസ്വം ഓഫീസ് | ഒന്നാം അർദ്ധവർഷം | 100955 | 1000 | 750 | 250 |
| 3 | ദീപു കെ.എൻ., ശാന്തി | ഗുരുവായൂർ ദേവസ്വം ഓഫീസ് | രണ്ടാം അർദ്ധവർഷം | 126100 | 1250 | 1000 | 250 |
| 4 | അശ്വതി എം.എസ്., HOD, Maths | മദർ ആർട്ട്സ് & സയൻസ് കോളേജ്, പേനകം | ഒന്നാം അർദ്ധവർഷം | 68120 | 600 | 450 | 150 |
| ആകെ | | | | | | | 900 |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന തുകയായ 900/- രൂപ പിരിച്ചെടുക്കേണ്ടതാണ്.

## 1-13-4 വ്യാപാരസ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെക്കൊടുത്തിരിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 51/30.10.2021) നല്കിയിരുന്നു.

| ക്രമ നം | വ്യാപാര ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 28 | XV/147 | സുധീർ വി.ബി.- കട |
| 2 | 30 | XI/273 | ദേവൂസ് ബേക്കറി |
| 3 | 31 | XI/225 | പോന്നോർ സ്റ്റോർസ് |
| 4 | 39 | III/390 | വി.കെ.ഭാസ്കരൻ സ്റ്റേഷനറി |
| 5 | 40 | III/388,389 | ധനലക്ഷ്മി വിമലൻ- കട |
| 6 | 50 | XIV/90,91 | പാലയൂർ ഗിഫ്റ്റ് സെന്റർ |
| 7 | 51 | XIV/271 | ഗ്രാലൻസ് ഏജൻസീസ് |
| 8 | 75 | XIV/153 | ലാവൻഡർ ടൈലറിംഗ് |
| 9 | 84 | XI/126A | വെൽഫെയർ ട്രേഡേഴ്സ് |
| 10 | 85 | XIV/143 | ഫാഷൻ സലൂൺ |
| 11 | 89 | XI/303 | ശ്രീഹരി മെഡിക്കൽസ് |
| 12 | 91 | XI/286 | ആര്യൻ കിഡ്സ് & ലേഡീസ് ടെൻസ് |
| 13 | 92 | XI/298 | തരംഗിണി വീഡിയോ |
| 14 | 103 | X/197D | ശാസ്ത സ്റ്റോർസ് |
| 15 | 111 | XII/414 | സ്ക്രീൻ വീഡിയോ & ഓഡിയോ |
| 16 | 112 | XII/400 | കിങ്ങിണി സൗണ്ട് |
| 17 | 114 | XIII/411 | മോഹനൻ കട |
| 18 | 115 | XIV/92 | ലത മോഹനൻ കട |
| 19 | 124 | XI/438 | ശിവപ്രിയ സ്റ്റോർസ് |
| 20 | 125 | XI/934 | K.G. സ്പെയർ പാർട്ട്സ് |

| | | | |
|---|---|---|---|
| 21 | 126 | XI/92 | ശ്രേയസ് അപ്പോൾസ്റ്ററി വർക്ക്സ് |
| 22 | 131 | XIV/142E,F | വീ കെയർ സെയിൽസ് & സർവീസസ് |
| 23 | 132 | XIII/458,459 | സുഹൈൽ സ്റ്റോർസ് |
| 24 | 133 | XIII/431 | ടെലിപോയിന്റ് |
| 25 | 139 | XII/271 | റിലീഫ് സ്റ്റോർസ് |
| 26 | 143 | XIII/413 | ശ്രേയസ്സ് ബ്യൂട്ടി പാർലർ |
| 27 | 150 | XI/287 | ലക്ഷ്മി ഫാൻസി സെന്റർ |
| 28 | 154 | XI/93 | കെ.ജി.വർക്ക് ഷോപ്പ് |
| 29 | 155 | XI/306 | ഗ്രേസി, മുല്ലശ്ശേരി |
| 30 | 156 | XI/272 (452) | സിറ്റിസൺ ടൈംസ് |
| 31 | 172 | XIII/417 | ജോസ് ബ്രോസ് ടെയിലേഴ്സ് |
| 32 | 175 | XIV/96 | ചിരിയങ്കണ്ടത്ത് ഫാബ്രിക്സ് |
| 33 | 186 | XI/399 | ലയ ഫാബ്രിക്സ് |
| 34 | 199 | III/427F | കെ.പി.രാജൻ പലചരക്ക് |
| 35 | 200 | IV/205 | അന്നപൂർണ്ണ ഹോട്ടൽ |
| 36 | 227 | XI/267 | മിന്നൂസ് സ്റ്റോഴ്സ് |
| 37 | 231 | - | പവർ പോയിന്റ് ട്രേഡ്സ് |
| 38 | 234 | X/337 | കാമ്പ്രത്ത് എൻജിനീയറിംഗ് വർക്ക്സ് |

സാംഖ്യ സോഫ്റ്റ്‌വെയർ കംപ്ലൈന്റിനെ തുടർന്ന് ഗ്രാമപഞ്ചായത്തിന്, ഈ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുവാൻ സാധിച്ചില്ല. മേൽ സ്ഥാപനങ്ങൾ 2020-21 വർഷത്തെ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടോ എന്ന് സാംഖ്യ സോഫ്റ്റ്‌വെയർ പരിശോധിച്ച് ഉറപ്പാക്കേണ്ടതും അടവാക്കാത്ത പക്ഷം ആയത് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-13-5 കരാറുകാരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/27.10.2021) മറുപടി ലഭ്യമാക്കിയില്ല. അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-1 വ്യാപാര ലൈസൻസ് എടുത്തപ്പോൾ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല

താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ വ്യാപാര ലൈസൻസ് എടുത്തപ്പോൾ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് എടുത്ത വ്യക്തിയുടെ പേര് | സ്ഥാപനത്തിന്റെ പേര് (കെട്ടിട നം.) | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | എ.എം. വിൻസെന്റ് | സോനാർ പ്ലാസ്റ്റിക് കമ്പനി (VI/55)<br>സോളാർ പ്ലാസ്റ്റിക് കമ്പനി (VI/56) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| 2 | ശിവദാസ് എ.കെ. | പരന്തൻ ഫ്യൂവൽസ് (XI/326) | എക്സ്പ്ലോസീവ് ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് |
| 3 | കെ.വി.കുമാരൻ | ഹേന വുഡ് വർക്ക്സ് (XII/179) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ്, License For Saw Mill & Wood Based Industrial Unit |

ലൈസൻസ് നൽകുന്നതിനു മുൻപ് രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 56/30.10.2021) രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങൾക്ക് 10.11.2021 തീയതിയിൽ, ആയത് ഹാജരാക്കണമെന്നു കാണിച്ച് കത്ത് നല്കിയിട്ടുണ്ടെന്നു മറുപടി നല്കിയിട്ടുണ്ട്. ലൈസൻസ് അനുവദിക്കുന്നതിന് മുൻപ് രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14-2 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ (പട്ടിക 1, ക്രമ നം. 149) ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ ലൈസൻസ്, തൊഴിൽ നികതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസോ തൊഴിൽ നികുതിയോ ഈടാക്കിയിട്ടില്ല.
റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികതി എന്നിവ ഈടാക്കുന്നതിൽനിന്നും ഒഴിവാക്കാൻ കഴിയില്ലായെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ 2019 -ൽ വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 10 റേഷൻകടകളുടെ വിവരങ്ങളാണ് താഴെക്കൊടുത്തിരിക്കുന്നത്.

| ക്രമ നം | ARD No. | കെട്ടിട നം. | ഉടമയുടെ പേര് |
|---|---|---|---|
| 1 | 1844231 | - | അജന്ത ബാബു |
| 2 | 1844243 | VII/278 | എൻ.ആർ. രാജൻ |
| 3 | 1844069 | III/ 279 | ജുബിൻ തോമസ് |
| 4 | 1844073 | - | സന്ധ്യ ശ്രീകുമാർ |
| 5 | 1844071 | - | ബിനു കെ.ജെ. |
| 6 | 1844068 | XII/ 145 | ഷീല പ്രകാശൻ |
| 7 | 1844067 | XV/170 | എം.എസ്.സുബിൻ |
| 8 | 1844213 | XIV/167 | ടി.എസ്. താമി |
| 9 | 1844070 | - | ടി.എ.ഗോപി |
| 10 | 1844072 | I/81 | എം.ടി.വിൻസെന്റ് |

ഇവരിൽനിന്നും 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം. 20/27.10.2021) ആയത് ഈടാക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് മൂലം ലൈസൻസിനത്തിലും തൊഴിൽ നികുതിയിനത്തിലും വരുമാനനഷ്ടം സംഭവിക്കുന്നു. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഫാം ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ പശുക്കളെ വളർത്തുന്നു

ശ്രീ. മണി, മുല്ലശ്ശേരി തട്ടാൻവീട് (കെട്ടിട നം. X/112) എന്നയാൾ 12 പശുക്കളെ തീരെ സൗകര്യമില്ലാത്തതും

വൃത്തിഹീനവുമായ സ്ഥലത്ത് വളർത്തുകയും പരിസരവാസികൾക്ക് ശല്യവും ഭീഷണിയും ആകുന്ന തരത്തിൽ പശുക്കളെ അഴിച്ചുവിടുകയും ചെയ്യുന്നു എന്നറിയിച്ച് അയ്യപ്പക്കടം ഗ്രാമവാസികൾ നല്കിയ പരാതിയിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 55/30.10.2021) നല്കിയിരുന്നു.

വെറ്ററിനറി സർജൻ, പോലീസ് വിഭാഗം, പഞ്ചായത്ത് പ്രസിഡന്റും പ്രതിനിധിയും ചേർന്ന് ടിയാനെ ബോധവത്ക്കരണം നടത്തുകയും ഇത്രയും പശുക്കളെ വളർത്താൻ കഴിവില്ലാത്ത ആളാണെന്ന് ബോധ്യപ്പെടുകയും ആയതിനാൽ പശുക്കളെ വിറ്റുകൊള്ളാമെന്ന് ടിയാൻ സമ്മതിക്കുകയും ചെയ്തിരുന്നു. എന്നാൽ നിലവിലും അഞ്ചിലധികം പശുക്കളെ വളർത്തുന്നുണ്ടെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ട പ്രകാരം ടിയാനോട് ലൈസൻസ് എടുക്കുന്നതിന് വേണ്ട കാര്യങ്ങൾ ചെയ്ത ശേഷമേ പശുക്കളെ വളർത്താവൂ എന്ന് കാണിച്ച് ടിയാൾക്ക് 3.11.2021-ൽ കത്തയച്ചിട്ടുണ്ട് എന്ന് മറുപടി നല്കിയിട്ടുണ്ട്.

## 1-16 വാടക - അപാകതകൾ

(I) റെന്റ് അരിയർ ഡിമാന്റിൽ ഡെപ്പോസിറ്റിൽ നിന്നും കുറവു ചെയ്തതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | പേര് | തുക |
|---|---|---|---|
| 1 | XIV/46 | കെ.പി അലി | 14462 |
| 2 | XIV/47 | കെ.പി അലി | 11935 |
| 3 | - | ജെയ്സൺ സി.ജെ. | 18000 |
| 4 | - | ജെയ്സൺ സി.ജെ. | 13230 |
| 5 | XI/ 323G | ബിനി പി.വി. | 23400 |
| | | ആകെ | 81027 |

റെന്റ് അരിയർ ഡിമാന്റിൽ ഡെപ്പോസിറ്റിൽ നിന്നും കുറവു ചെയ്തതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ തുകയിൽ വ്യത്യാസമുണ്ട്. രജിസ്റ്ററിൽ ആകെ തുക എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് 57627/- രൂപയാണ്. യഥാർത്ഥത്തിൽ 81027/- എന്നാണ് തുകകൾ കൂട്ടുമ്പോൾ ലഭിക്കുന്നത്. ഇതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32/27.10.2021) മറുപടി ലഭ്യമാക്കിയില്ല.

(II) തൻവർഷവാടകയിനത്തിൽ ലഭിക്കാനുള്ളത് ഡെപ്പോസിറ്റിൽ നിന്നും കുറവു ചെയ്തത്.

| ക്രമ നം. | പേര് | കെട്ടിട നം. | തുക |
|---|---|---|---|
| 1 | ലക്ഷ്മിദാസ് പി.എസ്. | IV/ 163B | 4300 |
| 2 | ദിനോജ് പി.എസ്. | IV/163C | 10750 |
| 3 | ദിനോജ് പി.എസ്. | IV/163D | 10750 |
| 4 | ഹിമ സി.ടി. | XI/323I | 28000 |
| 5 | ഹിമ സി.ടി. | XI/323K | 14000 |
| 6 | സുബ്രഹ്മണ്യൻ ഇ.എ. | XIV/44 | 6476 |
| 7 | ദിവ്യ സുബിൻ | XI/312 | 10664 |
| | ആകെ | | 84940 |

(I), (II) എന്നിവയിലെ തുകകൾ റെന്റ് ഡെപ്പോസ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സാംഖ്യ സോഫ്റ്റ്‌വെയർ കംപ്ലയിന്റ് മൂലം ലഡ്ജറുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, മേൽ തുക വിവരങ്ങളുടെ കൃത്യത ഉറപ്പു വരുത്തുവാൻ സാധിച്ചിട്ടില്ല.

(III) കടമുറി നം. IX /283 ശ്രീദേവി ഡേവിസ് എന്നവരുടെ കടമുറി 2020-21 വർഷത്തിൽ വാടകയൊടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതു സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമുണ്ടെങ്കിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു എൻക്വയറി നല്കിയെങ്കിലും (നമ്പർ 32/27.10.2021) തീരുമാനം ലഭ്യമാക്കിയില്ല.

(IV) റെന്റ് അരിയർ ഡിമാന്റ് തുകയായി 2019-20, 2020-21 രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | പേര് | കെട്ടിട നം. | 2019-20 റെന്റ് രജിസ്റ്റർപ്രകാരം | 2020-21 റെന്റ് രജിസ്റ്റർപ്രകാരം |
|---|---|---|---|---|
| 1 | കെ.പി. അലി | XIV/46 | 14462 | 14462 |

| | | | | |
|---|---|---|---|---|
| 2 | കെ.പി. അലി | XIV/47 | 11935 | 11935 |
| 3 | ജെയ്സൺ സി.ജെ. | - | 18000 | 18000 |
| 4 | പോസ്റ്റ്മാസ്റ്റർ | XIV/80 | 850 | 850 |
| 5 | ദിവ്യ സുബിൻ | XI /312 | 17200 | 17200 |
| 6 | ടി.എ.മണികണ്ഠൻ | XI /313 | 32975 | 33128 |
| 7 | പുഷ്യ വാസുദേവ് | XI/323H | 3570 | 3570 |
| 8 | ലീല കെ.എ. | XI/323F | 7000 | - |
| 9 | ബിനി പി.വി. | XI/323G | 35100 | 23400 |
| 10 | നളിനി എം.സി. | XI/323K | 13800 | - |
| 11 | ജെയ്സൺ സി.ജെ. | - | - | 13230 |
| 12 | ഊട്ടുപുര കാന്റീൻ | - | - | 840 |
| | ആകെ | | 154892 | 136615 |

മേൽ തുക വ്യത്യാസത്തിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 32/27.10.2021) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-16-1 വാടക കെട്ടിടങ്ങളുടെ ബൈലോ പുതുക്കേണ്ടതാണ്

1. കടമുറികളുടെ ബൈലോ

ജി.ഒ.(എം.എസ്)105/97/തദ്ദേശഭരണവകുപ്പ് വിജ്ഞാപന പ്രകാരം വാടകയ്ക്ക് കടമുറികൾ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഉള്ള കടമുറി വാടക സംബന്ധിച്ച ബൈലോ ഹാജരാക്കിയിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് ഡയറക്ടർ 15.6.1992 ൽ അംഗീകരിച്ച (ഉത്തരവ് നം. ബി5-18681/92/കെ.ഡിസ്.) ബൈലോ ആണ് പഞ്ചായത്തിലുള്ളത്. ആയത് പുതുക്കി കാലികമാക്കേണ്ടതാണ്.

2. ഹാൾ & ഓഡിറ്റോറിയം – ബൈലോ

പഞ്ചായത്തിൽ എത്ര ഹാളുകളും ഓഡിറ്റോറിയങ്ങളുമുണ്ട്, ഹാൾ & ഓഡിറ്റോറിയം വാടക സംബന്ധിച്ച സർക്കാർ അംഗീകൃത ബൈലോ നിലവിലുണ്ടോ എന്നിവ ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33/27.10.21) മറുപടി ലഭ്യമാക്കിയില്ല. ഹാൾ & ഓഡിറ്റോറിയം – ബൈലോ തയ്യാറാക്കുകയും സർക്കാർ അംഗീകാരം നേടുകയും ചെയ്യേണ്ടതാണ്.

## 1-17 ലേലം - അപാകതകൾ

മരങ്ങളുടെ ലേലം രണ്ടു തവണ (11.08.20, 21.8.20) നടന്നെങ്കിലും ലേലനിബന്ധനകൾ വായിച്ചു കേട്ടതിന് ശേഷം നിരതദ്രവ്യം കെട്ടിവയ്ക്കാൻ ആരും തയ്യാറാകാതിരുന്നതിനാൽ ലേലം നടന്നില്ല എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിൽ നിന്നും മരങ്ങളുടെ വാല്യുവേഷൻ നടത്തിയതു പ്രകാരമുള്ള തുക:- മുള (2 മെട്രിക് ടൺ) – 5200/-, കുടംപുളി ($^1/_2$ മെട്രിക് ടൺ) - 885, വട്ട – 798/- എന്നിങ്ങനെയാണ്. നശിച്ചുപോകുന്ന ഇത്തരം വസ്തുക്കളുടെ ലേലം പല തവണ നടന്നില്ലെങ്കിൽ പഞ്ചായത്ത് കമ്മിറ്റിയിൽ ഉചിതമായ തീരുമാനമെടുത്ത് മേൽ സംഗതിയുടെ നിരതദ്രവ്യം, ആകെത്തുക എന്നിവയിൽ മാറ്റം വരുത്തി ലേലം നടത്തേണ്ടതാണ്. നശിച്ചുപോകുന്ന വസ്തുക്കളുടെ ലേലം സംബന്ധിച്ച് പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാതിരിക്കാൻ അപ്രകാരം ചെയ്യാവുന്നതാണ്.

## 1-18 വിമുക്തഭടന്മാരുടെ വസ്തുനികുതിയിളവ് രജിസ്റ്ററും സഞ്ചയയും പൊരുത്തപ്പെടുന്നില്ല

2020-21 വർഷം വസ്തു നികുതി ഇളവ് നല്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെക്കൊടുത്തിരിക്കുന്ന വിമുക്തഭടന്മാരുടെ വീടുകൾ സംബന്ധിച്ച് വസ്തുനികുതിയിളവ് രജിസ്റ്ററിൽ പരാമർശമില്ല.

| ക്രമ നം. | പേര് | കെട്ടിട നം. |
|---|---|---|
| 1 | രാജൻ | XII/25 |
| 2 | രാജീവ് | II/190 |

വിമുക്തഭടന്മാരുടെ വസ്തുനികുതിയിളവ് രജിസ്റ്ററും സഞ്ചയയും പൊരുത്തപ്പെടുന്നില്ല. ആയതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 53/30.10.2021) മറുപടി ലഭ്യമാക്കിയില്ല.

## 1-19 പൊതുമരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 വർഷത്തിൽ സുലേഖ പത്രിക പ്രകാരം 99 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൽ 65 പ്രോജക്ടുകളുടെ ചെലവുകളാണ് തൻവർഷം നടന്നിട്ടുള്ളത്. 2020-21 വർഷത്തിൽ ആകെ അടങ്കൽ 35557779/- രൂപയും ചെലവ് 194059960/- രൂപയുമാണ്. 54% തുകയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2020-21 വർഷത്തിൽ പല പ്രോജക്ടുകളും സമയ ബന്ധിതമായി കരാർ വെയ്ക്കുകയോ കരാർ കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ പല പ്രോജക്ട് ഫയലുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണ പൂർത്തീകരണ ഘട്ടങ്ങളിൽ മോണിട്ടറിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ കാണുന്നില്ല. പല പ്രോജക്ട് ഫയൽ ബില്ലിനോടൊപ്പം മെമ്മോറാണ്ടം ഓഫ് പേമെന്റ് എഴുതുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ ശരിയായി രീതിയിൽ എഴുതി പരിപാലിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിലെ കോളങ്ങൾ പൂർണ്ണമായും എഴുതി രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് രജിസ്റ്റർ എല്ലാ കോളങ്ങളും എഴുതി പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കാഷ് ബുക്ക് TR.7A ഫോർമാറ്റിൽ എഴുതി സൂക്ഷിക്കുന്നില്ല. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ സമിതി, വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾക്ക് മറുപടി നല്കേണ്ടതാണ്.

## 1-20 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

Vr.No. 22000166. Dtd. 16.5.20. 150000/-

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് മേൽ വൗച്ചർ പ്രകാരം 150000/- രൂപ വാർഡ്തല കമ്മിറ്റി കൺവീനർമാരുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ വാർഡ് 1, 4, 6, 7, 15 എന്നീ 5 വാർഡുകളുടെ ചെലവിനാധാരമായ മസ്റ്റർ റോളുകൾ ഹാജരാക്കിയിരുന്നു. മറ്റ് വാർഡുകളുടെ ചെലവ് സംബന്ധിച്ച് യാതൊരു ചെലവ് രേഖകളോ ധനവിനിയോഗ സാക്ഷ്യപത്രങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 34/28.10.21.)

## 1-21 അയ്യപ്പകുടം കുടിവെള്ള പദ്ധതി കിണർ നിർമ്മാണം - പൂർത്തീകരണ/ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - So 120/20

നിർവ്വഹണ ഉദ്യോഗസ്ഥ – അസി. എഞ്ചിനിയർ

അടങ്കൽ - 100000/ -

ഫണ്ട് - ധനകാര്യകമ്മീഷൻ ഗ്രാന്റ്

ട്രഷറി ബിൽ നമ്പർ - 20/2020-21. Dtd. 19.8.2020.

മേൽ പ്രോജക്ടിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായി 88000/- രൂപ ഭൂജല വകുപ്പ് ജില്ലാ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി സംബന്ധമായ മറ്റ് വിവരങ്ങൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രവൃത്തി സംബന്ധിച്ച പൂർത്തീകരണ/ധനവിനിയോഗ സാക്ഷ്യപത്രങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവനായി ലഭ്യമായിട്ടില്ല

2020-21 വർഷത്തിൽ മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതി പ്രകാരം (പദ്ധതി നം. 23/21) ഹോംകോയുടെ പ്രൊഫോർമ ഇൻവോയ്സിന്റെ (പ്രൊഫോർമ ഇൻവോയ്സ് - PF- 717/14.10.20) അടിസ്ഥാനത്തിൽ 250000 രൂപ ബിൽ നം. 2/20-21 തീ. 28.10.20 പ്രകാരം സ്ഥാപനത്തിന് കൈമാറിയതിൽ 108296 രൂപയുടെ മരുന്ന് മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. 141704 രൂപയുടെ മരുന്ന് ഇനിയും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമായിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, പി എച്ച് സി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ എന്ന പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതിൽ നാളിതുവരെ മരുന്ന് ലഭ്യമായതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം / പേര് | പ്രൊഫോർമ ഇൻവോയ്സ് | ബിൽ നം /ചെക്ക് നം/വൗച്ചർ നം | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 33/21 പാലിയേറ്റീവ് കെയർ | PRF 2020/24.8.20 | 5/20-21 /29.9.20 | 431000 | |

മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 തുക കൈമാറി ഒരു വർഷമായിട്ടും, കെൽട്രോണിൽ നിന്ന് ലാപ്ടോപ്പുകൾ ലഭ്യമായിട്ടില്ല

പ്രോജക്റ്റ് - S00 6/21 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

ഫണ്ട് –വികസനഫണ്ട് (എസ്.സി.പി.)

ചെലവ് –181624

ട്രഷറി ബിൽ നം തുക –4/17-11-20, 181624/-

ഇ വൗച്ചർ - 22001420/11-11-20

എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി ട്രഷറിയിൽ നിന്ന് തുക പിൻവലിച്ച്, കെൽട്രോണിന് തുക കൈമാറി ഒരു വർഷമായിട്ടും കെൽട്രോണിൽ നിന്ന് ലാപ്ടോപ്പുകൾ ലഭ്യമായിട്ടില്ല. കെൽട്രോണിൽ നിന്ന് ലാപ്ടോപ്പുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 എസ്.സി വിദ്യാത്ഥികൾക്ക് പഠനമുറി - അസിസ്റ്റന്റ് എൻജിനീയറുടെ വാല്യൂവേഷൻ ഇല്ലാതെ തുക നൽകി

പ്രോജക്റ്റ് - SO 100/21 എസ്.സി വിദ്യാത്ഥികൾക്ക് പഠനമുറി

നിർവഹണ ഉദ്യോഗസ്ഥ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പറമ്പന്തള്ളി സർക്കിൾ

ഫണ്ട് - വികസനഫണ്ട് (എസ്.സി.പി) –600000/-

ചെലവ് -250000/-

കമ്മിറ്റി തീരുമാനം –1(3)11-8-21

ട്രഷറി ബിൽ/തുക -

1. 20/18-3-21 – 100000

2. 21/31-3-21 - 150000

ഇ വൗച്ചർ/തുക

1. 22001514/12 -3-21 തുക –100000

2. 2001573 /27-3-21 തുക - 150000

സ.ഉ(സാധാ) 221/2020/ ((ത.സ്വ. ഭ.വ) തീയതി 28-1-20 ഖണ്ഡിക 2 പ്രകാരം പഠനമുറിക്ക് ഗഡുക്കളായി തുക അനുവദിക്കുന്നതിന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ആദ്യ ഗഡുവായി 50000 രൂപയും ശേഷിക്കുന്ന തുക 75000 രൂപയുടെ രണ്ടു ഗഡുക്കളായും നൽകാവുന്നതാണ്. ആദ്യ ഗഡു നൽകി നിർമ്മാണം നടത്തി, അസിസ്റ്റന്റ് എൻജിനീയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു നൽകാവുന്നതാണ്. പഠനമുറി പൂർത്തിയാക്കി, അസിസ്റ്റന്റ് എൻജിനീയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട അവസാന ഗഡുവും നൽകാവുന്നതാണ്. (യഥാർത്ഥ ചെലവ് അടിസ്ഥാനപ്പെടുത്തി) എന്നാൽ ചുവടെ ചേർക്കുന്ന രണ്ടു ഗുണഭോക്താക്കൾക്ക്, പണി ചെയ്തതിന്റെ രേഖകൾ ഒന്നും ഇല്ലാതെ 75000 രൂപയുടെ രണ്ടാം ഗഡു തുക കൈമാറിയിട്ടുണ്ട്.

1. അക്ഷയ് പ്രസാദ്, കുറ്റിപ്പുറത്ത്, മുല്ലശ്ശേരി

2. നിമ മുരളി, ഏണ്ടടി, മുല്ലശ്ശേരി

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/27-10-21) മറുപടി ലഭ്യമാക്കിയിട്ടില്ല. രണ്ടു ഗുണഭോക്താക്കൾക്ക് നൽകിയ 150000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - കെൽട്രോണിന് അധിക തുക നൽകി

പ്രോജക്റ്റ് - So 138/21 (സ്പിൽ ഓവർ) എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

അടങ്കൽ – 68109/-

ഫണ്ട് – വികസന ഫണ്ട്

ചെലവ് - 68109/-

1. ട്രഷറി ബിൽ നം/തുക 1/20-4-20 – 68109/-

ഇ വൗച്ചർ - 22001351/12-4-20

നിർവഹണ ഉദ്യോഗസ്ഥ -അസിസ്റ്റന്റ് സെക്രട്ടറി

പഞ്ചായത്തിലെ സ്ഥിര താമസക്കാരായ എസ്.സി. ബിരുദ/ബിരുദാനന്തര/പ്രൊഫഷണൽ പോളിടെക്നിക് വിദ്യാർത്ഥികൾക്ക് കെൽട്രോണിൽ നിന്ന് ലാപ്ടോപ്പ് വാങ്ങി നൽകുന്നതാണ് പദ്ധതി. കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം (ഇൻവോയ്സ് 16074/TVM/ITBG/P1/RC/16074/25-2-20) 22703 നിരക്കിൽ 3 ലാപ്ടോപ്പുകൾക്ക് 68109 രൂപ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. എന്നാൽ കെൽട്രോണിന്റെ ബിൽ പ്രകാരം ഒരു ലാപ്ടോപ്പിന് 21830 രൂപയാണ് വില വന്നിട്ടുള്ളത്. ആയതു പ്രകാരം 3 ലാപ്ടോപ്പുകൾക്ക് 2619/- രൂപ അധികം നൽകിയിട്ടുണ്ട്. (ഒരു ലാപ്ടോപ്പിന് 873 രൂപ നിരക്കിൽ) കെൽട്രോണിന് അധികം നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ആശ്രയ ഫണ്ട് - വികസന ഫണ്ടിൽ നിന്നും പിൻ വലിച്ച തുക ചെലവഴിച്ചിട്ടില്ല

ആശ്രയ പ്ലാൻ ഫണ്ട് അക്കൗണ്ട് (A/C. NO. 551102010001608 യൂണിയൻ ബാങ്ക്, മുല്ലശ്ശേരി) പാസ് ബുക്ക പ്രകാരം 2-7-21 ൽ 5,17,979 രൂപ നീക്കിയിരിപ്പുണ്ട്. വിവിധ വർഷങ്ങളിൽ ആശ്രയ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും പിൻവലിച്ച തുകയും,നീക്കിയിരിപ്പു തുകയുടെ വിശദാംശങ്ങളും സംബന്ധിച്ച വിവരങ്ങൾ, ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി -39/28/10/21) വികസന ഫണ്ടിൽ നിന്നും വിവിധ വർഷങ്ങളിൽ പിൻവലിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-28 വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി വിവിധ ഏജൻസികൾക്കും, ജില്ല പഞ്ചായത്ത്, കെ.എസ്.ഇ.ബി. എന്നിവക്കും കൈമാറിയ തുകയുടെ വിനിയോഗ വിശദാംശങ്ങൾ/പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് | ഫണ്ട് | ട്രഷറി ബിൽ നം/തുക | വൗച്ചർ നം/തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | S000 1/21 ഐ.കെ.എം വിഹിതം അടവാക്കൽ | വികസനഫണ്ട് | 6/16-7-20 64453 | 22001369/18-6-21 | ഐ.കെ.എം പഞ്ചായത്ത് വിഹിതം എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. |
| 2. | S0065/21 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9/18-8-20 36610 | 22001387/13-8-20 | അസിസ്റ്റന്റ് എൻജിനീയർ, കെ.എസ്.ഇ.ബി. വെങ്കിടങ്ങ് |
| 3. | So 232/21 അംബേദ്കർ കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 29/31-12-20 91842 | 22001446/29-12-20 | അസിസ്റ്റന്റ് എൻജിനീയർ, കെ.എസ്.ഇ.ബി. |

| | | | | | |
|---|---|---|---|---|---|
| | ഇലക്ട്രിഫിക്കേഷൻ, ബേം കട്ടിംഗ് | 142000 | | | പറപ്പൂർ |
| 4. | So 232/21 അംബേദ്കർ കുടിവെള്ള പദ്ധതി ഇലക്ട്രിഫിക്കേഷൻ, ബേം കട്ടിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 36/27-2-21 44981 | 22001487/24-2-21 | അസിസ്റ്റന്റ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ്, ചാവക്കാട് |
| 5. | So 103/21 കാൻ, തൃശ്ശൂർ | തനതുഫണ്ട് | 20000 | 2200154/31.03.21 | ജില്ല പഞ്ചായത്ത് |
| 6. | S0065/21 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 17/10-11-20 9294 | 22001408/6-11-20 | അസിസ്റ്റന്റ് എൻജിനീയർ, കെ.എസ്.ഇ.ബി. പറപ്പൂർ |
| 7. | S0065/21 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 31/31-3-21 19386 | 22001570/26-3-21 | അസിസ്റ്റന്റ് എൻജിനീയർ, കെ.എസ്.ഇ.ബി. പറപ്പൂർ |
| 8. | S0046/21 എസ്.എസ്.എ വിഹിതം | വികസനഫണ്ട് | 8/16-7-20 500000 | 22001377/27-6-21 | ജില്ല പ്രോജക്റ്റ് ഓഫീസർ, എസ്.എസ്.കെ. തൃശ്ശൂർ |

വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-29 വർക്ക് ബില്ലിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ(പി) 13/2012/PWD/1-2-2012 പ്രകാരം, വർക്ക് ബില്ലിൽ നിന്നും ഈടാക്കേണ്ട നിയമാനുസൃത ചരക്ക സേവന നികുതി, ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് – S00 25/21 പെരുവല്ലൂർ അംബേദ്കർ മിനി കമ്യൂണിറ്റിഹാൾ ഇലക്ട്രിഫിക്കേഷൻ

ഫണ്ട് – വികസനഫണ്ട്

സാങ്കേതികാനുമതി - 248/EE/LSGD/9-12-20

കരാറുകാരൻ – നിഖിൽകുമാർ

എംബുക്ക് – 248/21

എഗ്രിമെന്റ് - 8/18 -1-21

തുക - 150000/-

ട്രഷറി ബിൽ/തുക

1. 34/31-3-21, 124697 (ഇ വൗച്ചർ -22001586/30-3-21)

2. 35/31-3-21, 5109 (ഇ വൗച്ചർ –22001587/303-21) 30.03.21

കരാറുകാരനിൽ നിന്ന് നികുതികളും, ക്ഷേമനിധി വിഹിതവും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-30 മത്സ്യ മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ് അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്റ്റ് 117/20 ൽ മത്സ്യ മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ് തുടർപരിപാലനത്തിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ്, സാങ്കേതികാനുമതിക്കായി ശുചിത്വമിഷനിലേക്ക് സമർപ്പിച്ചെങ്കിലും, പിന്നീട് പദ്ധതി നടപ്പാക്കുകയുണ്ടായില്ല. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനായി മുൻ വർഷങ്ങളിൽ 500000 രൂപയോളം ചെലവഴിച്ചതായും, 22-6-2010 ൽ ഉദ്ഘാടനം കഴിഞ്ഞ ബയോഗ്യാസ് പ്ലാന്റ് നിലവിലും പ്രവർത്തനക്ഷമമല്ലെന്നും ഫയൽ പരിശോധിച്ചതിൽ കാണുന്നു.

വിഷയവുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഓഡിറ്റ് എൻക്വയറി -3/22/10/21) മാലിന്യ സംസ്കരണം ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്നതിനാൽ, മത്സ്യ മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ് അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 കാലാവധി പൂർത്തിയായ വാഹനം കയ്യൊഴിക്കണം

പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-46/9309 മഹീന്ദ്ര ബൊലറോ ജീപ്പ് കയ്യൊഴിക്കുന്നതിനുള്ള കാലാവധി പൂർത്തിയായിട്ടുള്ളതായി കാണുന്നു. 2007ൽ വാങ്ങിയ ഈ വാഹനം പതിമൂന്ന് വർഷം കാലാവധി പൂർത്തിയാക്കിയിട്ടുണ്ട്. ഈ വാഹനം നാളിതു വരെയായി രണ്ട് ലക്ഷത്തി പതിനായിരം കിലോമീറ്റർ പ്രവർത്തിപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷക്കാലത്ത് അറ്റകുറ്റപണികൾക്കും, മറ്റുമായി 137223/- രൂപ ചെലവ് വന്നിട്ടുണ്ട്. വാഹനത്തിന്റെ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് പ്രകാരം വിപണി മൂല്യം കേവലം 72,000/- രൂപ മാത്രമാണ്. വാഹനം നിലനിർത്തുന്നത് സാമ്പത്തിക നഷ്ടമുണ്ടാക്കുന്നുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. 16-10-2019 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ)നം 45/19/പൊതുമരാമത്ത് വകുപ്പ് പ്രകാരം തുടർച്ചയായ മൂന്ന് സാമ്പത്തിക വർഷക്കാലത്തെ അറ്റകുറ്റപണികൾക്കു വേണ്ടിവരുന്ന ചെലവ് വാഹനത്തിന്റെ വിപണി മൂല്യത്തെ അധികരിച്ചാലും, വാഹനം പത്ത് വർഷം കാലാവധി പൂർത്തിയാക്കിയാലും വാഹനം കൈയ്യൊഴിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 29 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കമ്മിറ്റി തീരുമാനം (നം 15/28-6-21) പ്രകാരം വാഹനം കയ്യൊഴിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്. ടി സാഹചര്യത്തിൽ മേൽ പരാമർശിത സർക്കാർ ഉത്തരവിന് വിധേയമായി വാഹനം കയ്യൊഴിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 1-32 ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല

മുല്ലശ്ശേരി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന, ക്രിമറ്റോറിയത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 8 തീയതി 23/10/21ന് ലഭ്യമാക്കിയ മറുപടി പ്രകാരം ആയത് ലഭ്യമായിട്ടില്ലെന്നും, കരട് ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച്, സാധൂകരണം സർക്കാരിൽ നിന്ന് ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ക്രിമറ്റോറിയത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ബൈലോക്ക് ചട്ടപ്രകാരം സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്.

## 1-33 തൊഴിലുറപ്പ് പദ്ധതി അവലോകനം

2020-21 വർഷത്തിൽ മുല്ലശ്ശേരി പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 1,57,94,585 |
| ആകെ ചെലവ് | 15785221 |
| നീക്കിയിരുപ്പ് | 9364 |
| തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണം | 1110 |
| നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ | 287 |
| വിഭാവനം ചെയ്ത പദ്ധതികൾ | 495 |
| പൂർത്തിയാക്കിയ പദ്ധതികൾ | 164 |
| വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 3550 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 53649 |

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 33% പൂർത്തിയാക്കിയിട്ടുള്ളതായും, മൊത്തം അടങ്കൽ തുകയുടെ 99% ചെലവഴിച്ചതായും കാണുന്നു. തൊഴിൽ ലഭ്യമാക്കിയ 1110 കുടുംബങ്ങളിൽ നൂറ് ദിനം പൂർത്തിയാക്കിയത് കേവലം 287കുടുംബങ്ങൾ മാത്രമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വരും വർഷങ്ങളിൽ കൂടുതൽ വൈവിദ്ധ്യമുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ജല സുരക്ഷ - കിണർ റീചാർജ്ജ് - തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതലായി

ഉൾപ്പെടുത്തണം

നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം ഒട്ടനവധി പുഴകളാലും കനാലുകളാലും സമൃദ്ധമാണെങ്കിലും മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ്ജ് ചെയ്യുകയാണെന്നതാണ് ജലസുരക്ഷ സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ കിണർ റീചാർജ്ജ് പ്രവർത്തികൾ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ 2019-20 വർഷത്തിൽ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിരിക്കുന്ന പ്രവൃത്തികളിൽ നാമമാത്രമായ പ്രവൃത്തികൾ മാത്രമേ ഈയിനത്തിൽ നടപ്പാക്കി കാണുന്നുള്ളൂ. ടി കാര്യത്തെപ്പറ്റി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 26, തീയതി 23-10-21) ലഭ്യമാക്കിയ മറുപടി പ്രകാരം കഴിഞ്ഞ വർഷത്തിലെ വാർഷിക കർമ്മ പദ്ധതിയിൽ 4 വാർഡുകളിലുമായി 9 കിണർ റീചാർജ്ജ് പ്രവർത്തികൾ നടത്തിയിട്ടുണ്ടെന്നാണറിയിച്ചിട്ടുള്ളത്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ 7.1 ബി. 3, 4 പ്രകാരം എല്ലാവർക്കും എന്നും ശുദ്ധമായ കുടിവെള്ളം എന്നതായിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യം, കൂടാതെ ജലവിതരണ പ്രവർത്തനങ്ങളേക്കാൾ ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്. റീചാർജ്ജ് ആവശ്യമായ കിണറുകൾ സമഗ്രമായ സർവ്വേയും മറ്റും നടത്തി കണ്ടെത്തേണ്ടതും ഗ്രാമസഭകളിലും ആവശ്യമെങ്കിൽ പ്രത്യക ജലഗ്രാമസഭകളും മറ്റും നടത്തി ബോധവൽക്കരണം നടത്തേണ്ടതും വരും വർഷങ്ങളിൽ ആക്ഷൻ പ്ലാനിൽ ഈ പ്രവർത്തിക്ക് കൂടുതൽ ഊന്നൽ കൊടുക്കുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്. അതുവഴി കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കണ്ടെത്തേണ്ടതുമാണ്.

## 1-35 കന്നുകുട്ടി പരിപാലനപരിപാടി - ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം തിരികെ ഈടാക്കേണ്ടതാണ്

പ്രൊജക്റ്റ് നമ്പർ – 17/20-21

പ്രത്യേക കന്നുകുട്ടി പരിപാലനപരിപാടി

നിർവ്വഹണം – വെറ്ററിനറി സർജൻ

അടങ്കൽ – 6,25,000/-
ചെലവ് - 3,12,500/-
ട്രഷറി ബിൽ നമ്പർ – 6/27-10-21

ഈ പദ്ധതിക്കായി ആകെ 3,12,500/- രൂപ എസ്.എൽ.ബി.പിക്ക് കൈമാറിയിട്ടുണ്ട്. താണവീഥി ക്ഷീരസഹകരണസംഘം മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തിയിരിക്കുന്നത്.

പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ സുബ്രമണ്യൻ കുറ്റിപുറത്ത് വീട്, പെരുവല്ലൂർ എന്ന ഗുണഭോക്താവ് വിവിധ കാരണങ്ങളാൽ കാലിത്തീറ്റ വാങ്ങിയതായി കാണുന്നില്ല. ടി ഗുണഭോക്താവ് പദ്ധതിയിൽ പങ്കാളിയായി തുടരാത്തവരാണെന്നും അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം (നമ്പർ 27/26/10/20) ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് എസ്.എൽ.ബി.പി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും, മേൽ പറഞ്ഞ പ്രകാരം പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡിവിഹിതം ബാക്കി തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-36 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ്

സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ. (എ.എസ്) നം. 97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 20/13.9.20) നിലവിൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 ലോഗ് ബുക്ക് പരിപാലനം - അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ 46-9309 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3) അറ്റകുറ്റ പണികളെ കുറിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന/02/08/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-38 അംഗൻവാടികളുടെ പ്രവർത്തനം - അവലോകനം

മുല്ലശ്ശേരി പഞ്ചായത്തിൽ നിലവിൽ ഇരുപത്തിയഞ്ച് അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ സ്വന്തമായി കെട്ടിടമുള്ളത് ഇരുപത്തിയൊന്നെണ്ണത്തിനാണ്. വാടക കെട്ടിടത്തിൽ നാലെണ്ണം പ്രവർത്തിക്കുന്നു. ഒമ്പതെണ്ണത്തിന് ചുറ്റുമതിലുള്ളപ്പോൾ എല്ലായിടത്തും ധാന്യസംഭരണിയും, ശൗച്യാലയങ്ങളും, എൽ.പി.ജി. കണക്ഷനുമുണ്ട്. വാട്ടർ കണക്ഷനുള്ളത് പതിനാറെണ്ണത്തിനാണ്. ബാക്കിയെല്ലായിടത്തും കിണർ വെള്ളം ഉപയോഗിക്കുന്നു.

ബേബി ഫ്രണ്ടിലിയായ പതിനേഴ് അംഗൻവാടികളും പ്രവർത്തിക്കുന്നുണ്ട്. പോഷകാഹാരവിതരണം ഫലപ്രദമാണെന്ന് വിലയിരുത്തുന്നതിനായി എല്ലായിടത്തും നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങൾ കൂടാറുണ്ടെന്നത് സ്വാഗതാർഹമാണെങ്കിലും ഒരെണ്ണത്തിന് ബന്ധപ്പെട്ട എഞ്ചിനീയറുടെ സുരക്ഷാ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്നതും ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു. ടി അപാകത എത്രയും വേഗം പരിഹരിക്കേണ്ടതാണ്. കൂടാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവക്ക് സ്വന്തം സ്ഥലം കണ്ടെത്താനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണം

2020-21 വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പാക്കിയ വിവിധ പക്ഷി വളർത്തൽ, മൃഗങ്ങളെ വളർത്തൽ പദ്ധതികളിലായി നിരവധി ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഇത്തരം പദ്ധതികളുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാവരും നിർബന്ധമായും മൃഗ സംരക്ഷണ, ക്ഷീര വികസന വകുപ്പ് ഇതിനായി നൽകുന്ന പരിശീലനങ്ങളിൽ പങ്കെടുത്ത് വിജയകരമായി പൂർത്തീകരിച്ചവരായിരിക്കണമെന്നും, ഇതിനായി എല്ലാ ഗുണഭോക്താക്കൾക്കും പരിശീലനം നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളിൽ ടി പരിശീലനം നേടിയവർ ഉണ്ടോയെന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 42ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതികളുടേയും, ഗുണഭോക്താക്കളുടെയും ബാഹുല്യം കൊണ്ട് മാത്രം പദ്ധതികൾ വിഭാവനം ചെയ്യുന്ന മുഴുവൻ ലക്ഷ്യവും കൈവരിക്കാൻ സാധിക്കില്ല, മികച്ച രീതിയിലുള്ള പരിശീലനം അത്യന്താപേക്ഷിതമാണ്. ആയതിനാൽ മാർഗ്ഗരേഖ പ്രകാരമുള്ള യോഗ്യതകൾ ഗുണഭോക്താക്കൾ കൈവരിക്കുന്നതിനായുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 കമ്പ്യൂട്ടറും മറ്റനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

പദ്ധതി നമ്പർ - 13/20-21

മുല്ലശ്ശേരി കൃഷിഭവൻ ഓഫീസിലേക്ക് കമ്പ്യൂട്ടറും മറ്റനുബന്ധ ഉപകരണങ്ങളും വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ –കൃഷി ഓഫീസർ

അടങ്കൽ - 65000/-

ചെലവ് - 40469/-

ട്രഷറി ബിൽ നമ്പർ, തീയതി - 2/10-12-18

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം കൃഷിഭവൻ ഓഫീസിലേക്ക് കമ്പ്യൂട്ടറും മറ്റനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 4-11-20 തീയതി കെൽട്രോൺ എന്ന സ്ഥാപനത്തിന് 40469 രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെയായി ആയത് ലഭ്യമായിട്ടില്ല, ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 7ന് ലഭ്യമാക്കിയ മറുപടി പ്രകാരം തുക കൈമാറി ഒരു വർഷത്തിലേറെയായിട്ടും ഉപകരണങ്ങൾ ലഭ്യമായിട്ടില്ലെന്നാണറിയിച്ചിട്ടുള്ളത്. കാർഷിക പ്രവർത്തനങ്ങൾ ധാരാളം നടക്കുന്ന പഞ്ചായത്തായതിനാലും, കർഷകർക്ക് സേവനം ലഭ്യമാകാൻ കാലതാമസം വരുമെന്നതിനാലും ആവശ്യമായ ഓർമ കുറിപ്പുകളും മറ്റും നൽകി ഉപകരണങ്ങൾ എത്രയും വേഗത്തിൽ ലഭ്യമാകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം നിർമ്മാണം മാർഗ്ഗരേഖ പ്രകാരമല്ല

മുല്ലശ്ശേരി പഞ്ചായത്ത് കെട്ടിടത്തിന്റെ പടിഞ്ഞാറു ഭാഗത്തായി പണി കഴിപ്പിച്ച് ഉപയോഗത്തിനായി തുറന്ന് കൊടുക്കാത്ത നിലയിലുള്ളതും "വഴിയിടം ടേക്ക് എ ബ്രേക്ക് " എന്ന ബോർഡ് പ്രദർശിപ്പിച്ചിട്ടുള്ളതുമായ വഴിയോര വിശ്രമ കേന്ദ്രവും പൊതുശൗചാലയവും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായ പന്ത്രണ്ടിന പരിപാടി -മാർഗ്ഗരേഖ (സ.ഉ.(കൈ)നം. 45/2020/ത.സ്വ.ഭ.വ തീയതി. 6/3/20 പ്രകാരമുള്ള കാര്യങ്ങൾ പാലിച്ചിട്ടല്ല നിർമ്മിച്ചിട്ടുള്ളതെന്ന് കാണുന്നു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

പ്രസ്തുത മാർഗ്ഗരേഖ പ്രകാരം ദേശീയ പാതകളുടേയോ, അല്ലെങ്കിൽ തത്തുല്യ പ്രാധാന്യമുള്ള മറ്റ് റോഡരികുകളിലും, ബസ്സ്റ്റാൻഡ്, മാർക്കറ്റ് തുടങ്ങി പൊതുജനം കൂടുതലായി വരുന്ന സ്ഥലങ്ങളിലുമാണ് കേന്ദ്രം പണിയേണ്ടത്. എന്നാൽ അപ്രകാരമുള്ള സ്ഥലത്തല്ല പണിതിരിക്കുന്നത്. പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായാണ് ടി സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നതെങ്കിൽ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല

താഴെക്കൊടുത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല. കുറവായി ഈടാക്കിയ തൊഴിൽ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243- ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്.

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടി-യിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | ദീപു കെ.എൻ., ശാന്തി | ഗുരുവായൂർ ദേവസ്വം ഓഫീസ് | ഒന്നാം അർദ്ധവർഷം | 126100 | 1250 | 1000 | 250 |
| 2 | സുനീഷ് പി., LDC | ഗുരുവായൂർ ദേവസ്വം ഓഫീസ് | ഒന്നാം അർദ്ധവർഷം | 100955 | 1000 | 750 | 250 |
| 3 | ദീപു കെ.എൻ., ശാന്തി | ഗുരുവായൂർ ദേവസ്വം ഓഫീസ് | രണ്ടാം അർദ്ധവർഷം | 126100 | 1250 | 1000 | 250 |
| 4 | അശ്വതി എം.എസ്., HOD, | മദർ ആർട്ട്സ് & | ഒന്നാം അർദ്ധവർഷം | 68120 | 600 | 450 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Maths | സയൻസ് കോളേജ്, പേനകം | | | | | |
| ആകെ | | | | | | | 900 |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന തുകയായ 900/- രൂപ പിരിച്ചെടുക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2020-21 വർഷം ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല. തുക നേരിട്ടാണ് ചെലവഴിക്കപ്പെട്ടത്. നീക്കിയിരിപ്പ് സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ സംബന്ധിച്ച നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇതു സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. നീക്കിയിരിപ്പ വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 4-4 സ്ഥിര നിക്ഷേപം

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 5000 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | സ്പിന്നിങ്ങ് മിൽ വിരുപ്പാക്ക | 5000 |

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | മുതൽ | പലിശ | തുക |
|---|---|---|---|---|---|---|
| KURDFC ലൈഫ് ഭവന പദ്ധതി | ജി.ഒ. (എം.എസ്.) 68/2018/ തീ. 18.05.2018 | 5861087 | 3824172 | 482706 | | 3341466 |

വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക, വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഖ.1-11-27 കാണുക.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്ത് വിവരം ലഭ്യമാക്കിയില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,49,48,579 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,08,46,419 |
| വരവിനങ്ങളിലുള്ള നഷ്ടം | 900 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 250000/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13-3 | 900/- | വേണുഗോപാൽ, സെക്രട്ടറി |
| ആകെ | 900/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 100000/- | ഡോ. കെ.ടി. സുജ, മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |
| 1-25 | 150000/- | ലിൻഷ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പറമ്പത്തളി സർക്കിൾ |
| ആകെ | 250000/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

| പേര്, ഉദ്യോഗപ്പേര് | സ്ഥിരം മേൽവിലാസം |
|---|---|
| വേണുഗോപാൽ, സെക്രട്ടറി | 20/86/1/കൃഷ്ണകൃപ, ടെമ്പിൾ റോഡ് പി. ഒ, പൂത്തോൾ, പിൻ – 680004 |
| ഡോ. കെ. ടി. സുജ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | സുഷശ്രീ, കരുമത്തിൽ വീട്, മുല്ലശ്ശേരി പി. ഒ |
| ലിൻഷ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പറമ്പന്തളി സർക്കിൾ | കൊത്താട്ട് വീട്, എളവള്ളി സൗത്ത് പി. ഒ, പിൻ – 680511 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 68-69 | എൽ.എഫ്.ടി.8-1803/96(1) തീയതി. 19/12/06 | 1 |
| 72-73 | എൽ.എഫ്.ടി.8-1803/96(1) തീയതി. 19/12/06 | 3 |
| 73-74 | എൽ.എഫ്.ടി.8-1803/96(1) തീയതി. 19/12/06 | 9 |
| 75-76 | എൽ.എഫ്.ടി.8-1803/96(1) തീയതി. 19/12/06 | 19 |
| 76-77 | എൽ.എഫ്.ടി.8-1803/96(1) തീയതി. 19/12/06 | 21 |
| 77-78 | എൽ.എഫ്.ടി.8-1803/96(1) തീയതി. 19/12/06 | 10 |
| 78-79 | എൽ.എഫ്.ടി.8-1803/96(1) തീയതി. 19/12/06 | 7 |
| 79-80 | എൽ.എഫ്.ടി.8-1803/96(1) തീയതി. 19/12/06 | 7 |
| 80-81 | എൽ.എഫ്.ടി.8-1803/96(1) തീയതി. 19/12/06 | 14 |
| 81-82 | എൽ.എഫ്.ടി.8-1803/96(1) തീയതി. 19/12/06 | 10 |
| 82-83 | എൽ.എഫ്.ടി.8-1803/96(1) തീയതി. 19/12/06 | 8 |
| 83-84 | എൽ.എഫ്.ടി.8-1803/96(1) തീയതി. 19/12/06 | 16 |
| 84-85 | എൽ.എഫ്.ടി.11-1802/83 തീയതി. 02/09/03 | 9 |
| 85-86 | എൽ.എഫ്.ടി.11 -1199/91 തീയതി. 20-7-92 | 26 |

| | | |
|---|---|---|
| 86-87 | എൽ.എഫ്.ടി.11- 1316/92 തീയതി. 09/10/92 | |
| 88-89 | എൽ.എഫ്.ടി.11- 1316/92 തീയതി. 09/10/92 | 35 |
| 89-90 | എൽ.എഫ്.ടി.11-1316/92 തീയതി. 09/10/92 | |
| 90-91 | എൽ.എഫ്.ടി.11- 262/96 തീയതി. 21.12.96 | 29 |
| 91-92, 92-93, 93-94 | എൽ.എഫ്.ടി.11- 262/96 തീയതി. 21/12/96 | 27 |
| 94-95,95-96 | എൽ.എഫ്.ടി.21-355/98 9/11/98-1802/83 തീയതി. 02/09/03 | 28 |
| 96-97 | എൽ.എഫ്.ടി.11-1802/83 തീയതി. 02/09/03 | 24 |
| 97-98 | എൽ.എഫ്.ടി.15/839/98 തീയതി. 31/12/98 | |
| 98-99 | എൽ.എഫ്.ടി.15/631/2000 തീയതി.7-8-2000 | |
| 99-00 | എൽ.എഫ്.ടി.15-245/03 തീയതി. 6-9-03 | |
| 00-01 | എൽ.എഫ്.ടി.15-1056/04 തീയതി. 7-1-2004 | |
| 01-02 | എൽ.എഫ്.ടി.15-1057/04 തീയതി. 17-1-04 | |
| 02-03 | എൽ.എഫ്.ടി.15-353/05 തീയതി. 3-8-09 | |
| 03-04 | എൽ.എഫ്.ടി.15- 1875/06 തീയതി. 30-5-07 | |
| 04-05 | എൽ.എഫ്.ടി.15-1964/08 തീയതി. 14-9-09 | |
| 05-06 | എൽ.എഫ്.ടി.15-1965/08 തീയതി. 14-09-09 | |
| 06-07 | എൽ.എഫ്.ടി.15 തീയതി. 29.11.10 | |
| 07-08 | എൽ.എഫ്.ടി.പി.7-1811/10 തീയതി. 31-5-11 | |
| 08-09 മുതൽ10-11 | എൽ.എഫ്.ടി.പി.1-2180/12 തീയതി. 11-3-13 | |
| 11-12 | എൽ.എഫ്.ടി.5-200/13 തീയതി. 3-4-14 | |
| 12-13 | എൽ.എഫ്.ടി.പി.5-1286/14 തീയതി. 9-1-2015/24-3-15 | |
| 13-14 | കെ.എസ്.എ.-ടി.എസ്.ആർ.-(പി5)750/15 തീ. 6-10-15 /12-10-15 | |
| 14-15 | കെ.എസ്.എ.-ടി.എസ്.ആർ.-(പി5)-1254/16 തീ. 26-7-16/30-7-16 | |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.-ടി.എസ്.ആർ. (പി5)-124/17 തീ.2-2-17/10-2-17 | |
| 2016-17 | കെ.എസ്.എ.-ടി.എസ്.ആർ. (പി5)-1565/2017 തീ. 24.11.17/15.12.17 | |
| 2017-18 | കെ.എസ്.എ.-ടി.എസ്.ആർ. (പി5)-141/2019 തീ. 06.05.19 | |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി.9) 1172/2020 തീയതി: 07.12.2020 | |
| 2019-20 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി.9)-1598/2021, തീയതി.24.05.2021 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്